**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **26-07-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഇനം തിരിച്ച് അറിയിക്കാമോ; | (എ) | 1. പയംകുറ്റിമല ടൂറിസം പദ്ധതി. 2. ലോകനാർക്കാവ് ടൂറിസം പദ്ധതി. |
| (ബി) | ഓരോ പഞ്ചായത്തിലും ടൂറിസം ഡെസ്റ്റിനേഷനുകൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ പഞ്ചായത്തിലെയും ടൂറിസം സാധ്യതകൾ വിലയിരുത്തി, പഞ്ചായത്തിലെ ജനപ്രതിനിധികളുമായി ചർച്ചചെയ്ത് ടൂറിസം ഡെസ്റ്റിനേഷൻ രൂപീകരിച്ച് അവയുടെ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കും. |
| (സി) | ടൂറിസം ഡെസ്റ്റിനേഷനുകളിൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ; | (സി) | ടൂറിസം കേന്ദ്രങ്ങളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ആയ ഗ്രാമീണ ടൂറിസം പാക്കേജുകളും, കൾച്ചറൽ എക്സ്പീരിയൻസ്, ക്യുസീൻ എക്സ്പീരിയൻസ്, ഉത്സവകാല ടൂറിസം പാക്കേജുകൾ, കാർബൺ ന്യൂട്രൽ ടൂറിസം പാക്കേജുകൾ, ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജുകൾ, എക്സ്പീരിയൻഷ്യൽ സ്റ്റേ എന്നിങ്ങനെ വിവിധ തരത്തിലുള്ള ടൂറിസം പാക്കേജുകൾ നടത്തി വരുന്നു. അതാതു സമയത്തെ കോവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് പാക്കേജുകൾ നടത്തുന്നത്. |
| (ഡി) | ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിക്കുന്ന പുഴകളുടെ തീരങ്ങളിൽ എന്തൊക്കെ പ്രവൃത്തികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | പദ്ധതി രൂപരേഖ തയ്യാറാക്കിയതിനു ശേഷം മാത്രമേ, വിശദാംശങ്ങൾ ലഭ്യമാകുകയുള്ളു. |
| (ഇ) | തദ്ദേശീയമായ ഭക്ഷണ രീതികൾ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്ന തിനോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ |

| | | | |
|---|---|---|---|
| | | | നെറ്റ്‌വർക്ക് എന്ന പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്നു. |
| (എഫ്) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്; കുറ്റ്യാടി മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (എഫ്) | സംസ്ഥാന വ്യാപകമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്ന പരിപാടികളായ യൂണിറ്റ് രൂപീകരണം, ഉത്തരവാദിത്ത ടൂറിസം മിഷനിലെ മൂന്ന് ഓൺലൈൻ പ്ലാറ്റ് ഫോമുകളിലെ രജിസ്ട്രേഷൻ, എക്സ്പീരിയൻസ് എത്തിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്നിവയെല്ലാം കോഴിക്കോട് ജില്ലയിലും നടത്തി വരുന്നു. കൂടാതെ ജില്ലയിലെ, കടലുണ്ടി, ഒളവണ്ണ പഞ്ചായത്തുകൾ മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതിയും തലക്കുളത്തൂർ, കൂടരഞ്ഞി പഞ്ചായത്തുകളിൽ പെപ്പർ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ തിരുവമ്പാടി, കുരാച്ചുണ്ട്, വാണിമേൽ, കോടഞ്ചേരി പഞ്ചായത്തുകളിൽ ഉത്തരവാദിത്ത ടൂറിസം സാധ്യതാ പഠനം നടത്തുന്നതിനും തീരുമാനം ആയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഡെസ്റ്റിനേഷനെ അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം മാതൃകാ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ